# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഓച്ചിറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA KLM P8/1833/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 31/12/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഓച്ചിറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P8/1833/22 തീയ്യതി: 31/12/2022

## കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 06-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അമ്പിളി എം.ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 12-09-2022 | 19-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-09-2022 | 19-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി പ്രീത എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. അരുൺജിത്ത് ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അനിൽകുമാർ എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രാജശ്രീ സി.ആർ., ഓഡിറ്റർ
ശ്രീമതി താര.റ്റി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബി.ശ്രീദേവി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ദിലീപ് | സെക്രട്ടറി | 01-04-2021 | 23-09-2021 |
| ശ്രീ. ജി. രാധാകൃഷ്ണൻ | സെക്രട്ടറി | 24-09-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. റംഷാദ് | അസി.സെക്രട്ടറി | 01-04-2021 | 02-07-2021 |
| ശ്രീ സി. രാജേന്ദ്രൻ | അസി.സെക്രട്ടറി | 03-07-2021 | 31-03-2022 |
| ശ്രീമതി സുമറാണി പി. | കൃഷി ഓഫീസർ | 01-04-2021 | 13-08-2021 |
| ശ്രീമതി വീണ വിജയൻ | കൃഷി ഓഫീസർ-ഇൻ- ചാർജ്ജ് | 14-08-2021 | 04-10-2021 |
| ശ്രീമതി ശീതൾ ശിവൻകുട്ടി | കൃഷി ഓഫീസർ | 05-10-2021 | 31-03-2022 |
| ശ്രീമതി അനീഷ്യ എസ്. | വി.ഇ.ഒ. 1 | 01-04-2021 | 31-03-2022 |
| ശ്രീമതി രതി റ്റി.ജെ. | വി.ഇ.ഒ. 2 | 01-04-2021 | 31-03-2022 |
| ശ്രീമതി രമ എസ്. | വെറ്റിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി ശുഭ സി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 09-11-2021 |
| ശ്രീമതി ധന്യ റ്റി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 09-11-2021 | 30-11-2021 |
| ശ്രീമതി നീതു യു. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-12-2021 | 31-03-2022 |
| ശ്രീമതി ശ്രീരേഖ സി. | അസി. എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. സന്തോഷ് കുമാർ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി അമൃത | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി മഞ്ജു | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ. അഷ്ഹർ സലാം | എം.ജി.എൻ.ആർ.ഇ.ജി.എസ്. അക്രഡിറ്റഡ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. സുനിൽ കുമാർ | മെഡിക്കൽ ഓഫീസർ, | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | സി.എച്ച്.സി. | | |
| ഡോ. രശ്മി എസ്. രാജ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ. മേരി കുര്യാക്കോസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 09-10-2021 |
| ഡോ. ശ്രീനി എസ് നായർ | മെഡിക്കൽ ഓഫീസർ, ഇൻ ചാർജ്ജ് (മെഡിക്കൽ ഓഫീസർ, ക്ലാപ്പന) | 10-10-2021 | 19-10-2021 |
| ഡോ. സുബി മോൾ കെ.ബി. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 20-10-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഗ്രാന്റ് / ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | പഞ്ചായത്ത് ലൈബ്രറി കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല. | 1-11 |
| 13 | തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതയുള്ള എല്ലാവരിൽ നിന്നും അർദ്ധ വാർഷിക വരുമാനത്തിനനുസൃതമായ നികുതി നിയമാനുസൃതം ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. | 1-12 |
| 14 | കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടത്തി - നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. | 1-13 |
| 15 | ബയോഫ്ലോക്ക് മത്സ്യകൃഷി - സുഭിക്ഷ കേരളം - മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സബ്സിഡി നൽകി. | 1-14 |
| 16 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയതിന് ശേഷമുള്ള സ്ഥാപന സന്ദർശന ചെലവ് അംഗീകരിക്കുന്നില്ല. | 1-15 |
| 17 | 2020-21 വർഷത്തിൽ കെട്ടിടനികുതി 100% പിരിവ് നടന്നതിന് ശേഷവും 3.4.21 തീയതിയിൽ വാഹനം വാടകയ്ക്കെടുക്ക് നികുതി പിരിവ് നടത്തിയ ചെലവ് അംഗീകരിക്കുന്നില്ല. | 1-16 |
| 18 | ഇടവിള കൃഷി വികസനം - സുതാര്യമല്ലാതെ ഇടവിളകിറ്റ് വിതരണം ചെയ്തു. | 1-17 |
| 19 | ഭവന നിർമ്മാണം - 2018-19, 2019-20 വർഷം കരാർ വച്ചെങ്കിലും ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല. | 1-18 |
| 20 | 2021 ലെ നിയമസഭ തെരഞ്ഞെടുപ്പിൽ ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക റീക്രൂപ്പ് ചെയ്ത് തനത് ഫണ്ടിൽ ഒടുക്കുവരുത്തിയിട്ടില്ല. | 1-19 |

| | | |
|---|---|---|
| 21 | സാന്ത്വന പരിചരണം - സി എച്ച് സി യ്ക്ക് ആവശ്യമായ മരുന്നുകൾ ലഭിച്ചിട്ടില്ല. | 1-20 |
| 22 | ഗുണഭോക്തൃലിസ്റ്റ് ഡാറ്റാ എൻട്രി - ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച് വേതനം നൽകിയ തുക തടസ്സപ്പെടുത്തുന്നു. | 1-21 |
| 23 | തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് പോളിംഗ് ബൂത്ത് വൃത്തിയാക്കൽ - ചെയ്യാത്ത പ്രവൃത്തിക്ക് വേതനം നൽകിയ 2,400/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. | 1-22 |
| 24 | ഗ്രാമപഞ്ചായത്ത് ഓഫീസ് ആവശ്യത്തിനായി മൾട്ടി ഫംഗ്ഷൻ പ്രിന്റർ വാങ്ങുന്നതിന് തുക നൽകിയെങ്കിലും, നാളിതുവരെ ലഭ്യമായിട്ടില്ല. | 1-23 |
| 25 | വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 11,41,779/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 26 | MGNREGS കേന്ദ്രവിഹിതം - കാലിത്തൊഴുത്ത് നിർമ്മാണം നാളിതുവരെ റീക്കൂപ്പ് ചെയ്യിട്ടില്ലാത്തതിനാൽ ചെലവ്തുക തടസ്സപ്പെടുത്തുന്നു. | 1-25 |
| 27 | മരാമത്ത് പ്രവർത്തികളുടെ ആസൂത്രണ - നിർവ്വഹണത്തിൽ അപാകതകൾ | 1-26 |
| 28 | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ വർക്കുകൾ സമയബന്ധിതമായി നടപ്പിലാക്കപ്പെടുന്നില്ല. | 1-27 |
| 29 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പരിപാലിയ്ക്കുന്നില്ല. | 1-28 |
| 30 | പുറമ്പോക്ക് കൈയ്യേറ്റം വ്യാപകം. | 1-29 |
| 31 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് ആവശ്യമായ മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല. | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയതിന് ശേഷമുള്ള സ്ഥാപന സന്ദർശന ചെലവ് അംഗീകരിക്കുന്നില്ല. | 3-1 |
| 2 | 2020-21 വർഷത്തിൽ കെട്ടിടനികുതി 100% പിരിവ് നടന്നതിന് ശേഷവും 3.4.21 തീയതിയിൽ വാഹനം വാടകയ്ക്കെടുക്ക് നികുതി പിരിവ് നടത്തിയ ചെലവ് അംഗീകരിക്കുന്നില്ല. | 3-2 |
| 3 | തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് പോളിംഗ് ബൂത്ത് വൃത്തിയാക്കൽ - ചെയ്യാത്ത പ്രവൃത്തിക്ക് വേതനം നൽകിയ 2,400/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. | 3-3 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

27.02.2021 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 05.03.2022 തീയതിയിലെ 1 (1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 18.05.2022 | - | - |

### 1-2-1 വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1) താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾ നടത്തുന്നതിന് തുകകൾ മുൻകൂർ നൽകിയിട്ടുണ്ട്. ഈ തുകകളുടെ വിവരങ്ങൾ മുൻകൂർ രജിസ്റ്ററിലും വാർഷിക ധനകാര്യ പത്രികയിലെ ബന്ധപ്പെട്ട ഹെഡുകളിലും ( B-18, RP-47 ഷെഡ്യൂളുകൾ ) ഉൾപ്പെടുത്തിയിട്ടില്ല.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ |
|---|---|---|---|
| പി.ഡബ്ള്യു.ഡി ഇലക്ട്രിക്കൽ വിംഗ് – ആലപ്പുഴ | സി.എച്ച്.സി.സബ് സെന്റർ റീ-വയറിംഗ് | 32/23.3.22 | 1,37,000/- |
| കേരള വാട്ടർ അതോറിറ്റി | അങ്കണവാടി കുടിവെള്ള കണക്ഷൻ | 5/24.6.21 | 1,51,000/- |

2) വസ്തുനികുതി ഇനത്തിലെ വരവിന്റെ ഡിമാന്റ് - കളക്ഷൻ - ബാലൻസ് തയ്യാറാക്കുന്നതിന് സഞ്ചയ സോഫ്റ്റ് വെയറിൽ നടത്തിയിട്ടുള്ള ബുക്ക് അഡ്ജസ്റ്റ്മെന്റുകളുടെ കൃത്യത കാണിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വസ്തുനികുതി ഡിമാന്റ് - കളക്ഷൻ - ബാലൻസ് തുകകളുടെ കൃത്യത ബോധ്യപ്പെടുന്നില്ല.

3) സ്റ്റോക്ക് രജിസ്റ്റർ മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ I-18 ഷെഡ്യൂളിലെ പ്രയർ പീരിയഡ് ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത കാണിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5) ഇൻകം ഓവർ എക്സ്പെൻഡിച്ചർ തുക നെഗറ്റീവായി വന്നതിനുള്ള കൃത്യമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

6) റോഡ്, റോഡിതര മെയിന്റനൻസ് ഗ്രാന്റ് തുകകളുടെ എ.സി.ആർ, സാംഖ്യാ സ്റ്റേറ്റ്മെന്റുകൾ എന്നിവ പ്രകാരമുള്ള ചെലവുതുകകൾ പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | എ.സി.ആർ പ്രകാരം (രൂപ) | സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരം (രൂപ) |
|---|---|---|
| മെയിന്റനൻസ് ഫണ്ട് – റോഡ് | 1,05,47,930/- | 91,10,893/- |
| മെയിന്റനൻസ് ഫണ്ട് – നോൺ റോഡ് | 35,87,392/- | 34,58,926/- |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹ 2,61,43,996/- |
| ഓഡിറ്റ് വർഷത്തെ വരവ് | ₹ 9,54,85,451/- |
| ആകെ | ₹ 12,16,29,447/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹ 9,60,30,107/- |
| നീക്കിയിരിപ്പ് | ₹ 2,55,99,340/- |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ 8,860/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 30,42,794/- |

1-4 ഗ്രാന്റ് / ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ലാപ്പ്സായ തുക ₹ |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,69,25,908/- | 1,69,25,908/- | 1,69,04,000/- | 21,908/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | 68,38,695/- | 68,38,695/- | 68,27,000/- | 11,695/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക് - അൺടൈഡ്) | 0 | 4,45,155/- | 4,45,155/- | 4,45,155/- | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 22,13,450/- | 22,13,450/- | 11,03,992/- | 11,09,458/- |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 1,06,53,326/- | 1,06,53,326/- | 1,05,47,930/- | 1,05,396/- |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 62,86,351/- | 62,86,351/- | 35,87,392/- | 26,98,959/- |

മെയിന്റനൻസ് ഫണ്ട് (റോഡ് & നോൺ റോഡ്) വാർഷിക ധനകാര്യപത്രികയിലേയും എ.സി.ആറിലേയും തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിവരം വാർഷിക ധനകാര്യപത്രികയുടെ അപാകതകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ജി ഒ പ്രോജക്ട് പ്രകാരം സോഴ്സിൽ നിന്നും കുറവുചെയ്ത തുകകൾ എ സി ആർ ന്റെ വരവ്, ചെലവ് ഭാഗങ്ങളിൽ ഉൾപ്പെടുവരികയില്ല. ഗ്രാന്റ് സ്റ്റേറ്റുമെന്റ് വെബ് സാംഖ്യയിൽ നിന്നും പ്രിന്റ് എടുത്ത് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

സംസ്ഥാനാവിഷ്കൃത / കേന്ദ്രാവിഷ്കൃത ഫണ്ടുകൾ

| ഫണ്ട് ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 1,15,577/- | 0 | 1,15,577/- | 1,15,577/- | 0 |
| ലൈഫ് മിഷൻ- സംസ്ഥാന വിഹിതം | 27,40,000/- | 24,40,000/- | 51,80,000/- | 31,20,000/- | 20,60,000/- |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ് ഫോർ പാൻഡമിക് | 3,00,278/- | 1,30,680/- | 4,30,958/- | 4,30,958/- | 0 |
| കില ട്രെയിനിംഗ് ഫണ്ട് | 0 | 13,149/- | 13,149/- | 13,149/- | 0 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | 21,717/- | 4,65,50,356/- | 4,65,72,073/- | 4,65,72,073/- | 0 |
| ഐസിഡിഎസ് | 42,61,845/- | 7,75,938/- | 50,37,783/- | 22,69,000/- | 27,68,783/- |
| ടി എസ് സി | 42,21,688/- | 2,76,925/- | 44,98,613/- | 14,05,929/- | 30,92,684/- |
| സി എഫ് സി ടൈഡ് പി.എഫ്.എം.എസ് | - | 47,21,000/- | 47,21,000/- | 37,72,746/- | 9,48,254/- |
| ബേസിക് ടൈഡ് പി.എഫ്.എം.എസ് | - | 31,99,224/- | 31,99,224/- | 25,23,715/- | 6,75,509/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 173 | 22,52,58,313/- | 112 | 6,77,75,552/- | 0 | 61 | 65% |

## 1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 21,717/- | 5,40,356/- | 5,62,073/- | 5,62,073/- | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 4,60,10,000/- | 4,60,10,000/- | 4,60,10,000/- | 0 |
| ആകെ | 21,717/- | 4,65,50,356/- | 4,65,72,073/- | 4,65,72,073/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,04,400/- | 72 |
| കർഷകതൊഴിലാളി പെൻഷൻ | 58,61,600/- | 358 |
| വിധവാപെൻഷൻ | 1,70,88,300/- | 1145 |
| വാർദ്ധക്യകാലപെൻഷൻ | 3,63,34,900/- | 2559 |
| വികലാംഗപെൻഷൻ | 59,69,400/- | 388 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 7,48,800/- | 49 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 1,80,000/- | 6 |

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.09.2022 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7,182/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾക്കുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

നികുതി പിരിവിന്റെ കാര്യക്ഷമത ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കേരളാ പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ ഫ്രണ്ട് ഓഫീസ് വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. പ്രതിദിന കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. ഐ.എൽ.ജി.എം.എസ്. സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്. മേൽചട്ടങ്ങളുടെ 29-ാം വകുപ്പിൽ പ്രതിപാതിക്കും പ്രകാരം ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൌച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്, ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങിസൂക്ഷിക്കുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. പഞ്ചായത്തിലെ അക്കൗണ്ടിംഗ് സമ്പ്രദായം തൃപ്തികരമാണ്. വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്. സ്റ്റോക്ക് പരിശോധന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കാലാകാലങ്ങളിൽ നിർവ്വഹിച്ചുവരുന്നുണ്ട്.

ആസ്തി രജിസ്റ്റർ, പുറമ്പോക്ക് രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പുറമ്പോക്ക് കൈയ്യേറ്റങ്ങൾ വ്യാപകമായിട്ടുള്ളതായി പഞ്ചായത്ത് മിനിട്സ് രേഖകൾ സൂചിപ്പിക്കുന്നു. (26.10.2021 ലെ അജണ്ട.23 തീരുമാനം 1).

മറ്റു പഞ്ചായത്തുമായി അതിർത്തി പങ്കിടുന്ന വാർഡുകളിലെ പുറമ്പോക്ക് അളന്നു തിട്ടപ്പെടുത്താത്തതിനാൽ സഞ്ചാരയോഗ്യമായ വഴി ഒരുക്കി നല്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. ഭൂമി പുറമ്പോക്കിൽ ഉൾപ്പെട്ടതാണോ എന്നു ഉറപ്പാക്കിയശേഷം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് മിനിട്സിൽ തീരുമാനങ്ങൾ ഉണ്ടെങ്കിലും തുടർ നടപടികൾ ഇല്ല.

തൊഴിൽ നികുതി നിയമാനുസൃതം ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ ലിസ്റ്റ് ചെയ്ത് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വലിയ വിറ്റുവരവുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. വസ്തുനികുതി നിർണ്ണയിച്ചു നല്കിയിട്ടുള്ള 200 ച.മീ. ൽ അധികം വിസ്തൃതിയുള്ള വാണിജ്യ കെട്ടിടങ്ങളിൽ തുടർന്ന് അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള പരിശോധനകൾ നടത്തി വരുന്നതായും കാണുന്നില്ല. തൻവർഷം നികുതി നിർണ്ണയിച്ചു നല്കിയ വാണിജ്യ വിഭാഗത്തിൽ അസസ് ചെയ്യപ്പെട്ട

ഒരു കെട്ടിടത്തിൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ അനധികൃതമായി പുതിയ നിർമ്മാണങ്ങൾ നടത്തിയിട്ടുള്ളതായി കണ്ടു.

സി.എച്ച്.സി – പാലിയേറ്റീവ് കെയർ യൂണിറ്റ്, ഗവ. ഹോമിയോ ഡിസ്പെൻസറി എന്നിവടങ്ങളിലേക്ക് മരുന്നുകൾ വാങ്ങുന്നതിന് തുകകൾ മുൻകൂർ ഒടുക്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. ഈവിഷയത്തിൽ ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി, ഭരണ സമിതി ഫലവത്തായി ഇടപെട്ട് തുടർ നടപടികൾ സ്വീകരിച്ച വരുന്നതായി കാണുന്നില്ല.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി വാങ്ങിയ സാധനസാമഗ്രികൾ ഉൾപ്പെട്ട സ്റ്റോക്ക് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി കാലിമാക്കിയിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.07.2022 മുതൽ 23.07.2022 വരെ | 01.04.2022 മുതൽ 30.06.2022 വരെ | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.11.2019 | 2018-19 | 06.01.2019 |

1-11 പഞ്ചായത്ത് ലൈബ്രറി കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല.

ഓച്ചിറ ഗ്രാമപഞ്ചായത്തിന് പബ്ലിക് ലൈബ്രറിയിൽ നിന്നും തൻവർഷം വരവില്ല. പരിശോധനയിൽ 2000 ന് ശേഷം നാളിതുവരെ ടി ലൈബ്രറിയിൽ പഞ്ചായത്ത് പുസ്തകങ്ങൾ വാങ്ങി നല്കിയിട്ടില്ല എന്ന് പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ ബോധ്യപ്പെട്ടു. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ എച്ച്.എം. നിർവ്വഹണം നടത്തിയ പ്രോജക്ട് (അക്ഷരപുണ്യം) പ്രകാരം വികസനഫണ്ട് - തനത്ഫണ്ട് എന്നിവ വകയിരുത്തി 1,71,200/-രൂപയുടെ പുസ്തകങ്ങൾ വാങ്ങി പഞ്ചായത്തിലെ 8 അംഗീകൃത വായനശാലകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 2017-18 വർഷ ഓഡിറ്റ് റിപ്പോർട്ടിലും പഞ്ചായത്ത് ലൈബ്രറി പ്രവർത്തനം കാര്യക്ഷമമല്ലാത്തത് സംബന്ധിച്ച് പരാമർശം ഉണ്ട്. എന്നാൽ ഇത് സംബന്ധിച്ച് യാതൊരു തുടർനടപടിയും സ്വീകരിച്ചിട്ടില്ല. ടി വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും അടിയന്തിര നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 22/17.09.2022

1-12 തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതയുള്ള എല്ലാവരിൽ നിന്നും അർദ്ധ വാർഷിക വരുമാനത്തിനനുസൃതമായ നികുതി നിയമാനുസൃതം ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

(I) 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്. എന്നാൽ താഴെപ്പറയുന്നവർ / സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് കാണുന്നു.

(1) 2021-2022 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്തുപ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ

(2) പരബ്രഹ്മ ദേവസ്വം അഡ്മിനിസ്ട്രേഷൻ സ്റ്റാഫ്, അഡ്മിനിസ്ട്രേറ്റർ, മറ്റു ജീവനക്കാർ

(3) മഠത്തിൽ കാരാഴ്മ KUCS Q 274 (D) Apcos ക്ഷീര സംഘം, അവിടുത്തെ ജീവനക്കാർ

(4) ബി എസ് എൻ എൽ - ഓച്ചിറ – സ്ഥാപന തൊഴിൽ നികുതി

(5) ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വലിയ വിറ്റുവരവുള്ളതും കൂടുതൽ ജീവനക്കാർ ഉള്ളതുമായ സ്ഥാപനങ്ങളിലെ മാനേജീരിയൽ ജീവനക്കാർ, മറ്റു സ്റ്റാഫ്

ഉദാ : ഫിയോ മാർട്ട്, പാപ്പി മാർട്ട്, കേക്ക് വേൾഡ്, ലാംസി സൂപ്പർ മാർക്കറ്റ്, അംബ കാഷ്യു ഫാക്ടറി

നികുതി ഡിമാന്റ് ചെയ്തിട്ടുള്ളതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള ( നം.26/21-22 17.09.22 ) മറുപടിയിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

തൊഴിൽനികുതി യഥാവിധി ഈടാക്കി രേഖാമൂലം അറിയിക്കേണ്ടതാണ്.

(II) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണവകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമ നം.149). പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ഒന്നുംതന്നെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. ആയതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടത്തി - നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ നിർമ്മിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾക്ക് 764 മുതൽ 779 വരെ തുടർച്ചയായ നമ്പറുകൾ നല്കി 20.11.21 പ്രാബല്യത്തിൽ നികുതി നിർണ്ണയിച്ചു നല്കിയിട്ടുണ്ട്. "ശ്രീ. സുശീൽ കുമാർ, അഭിലാഷം, ആലുംകടവ് " എന്നയാളുടെ പേരിലാണ് കെട്ടിടത്തിന്റെ ഉടമസ്ഥത. കംപ്ലീഷൻ പ്ലാൻ പ്രകാരം 9.8 മീറ്റർ ഉയരമുള്ളതും 421.54 ച.മീ. തറ വിസ്തീർണ്ണമുള്ളതുമായ കെട്ടിടത്തിന് തറ നിരപ്പ് നിലയിൽ 5 കടമുറികൾ, ഒന്നാം നിലയിൽ 6 കടമുറികൾ, രണ്ടാം നിലയിൽ 5 ലോഡ്ജ് മുറികൾ എന്നിങ്ങനെയാണ് വസ്തുനികുതി നിർണ്ണയിച്ച് നമ്പർ നല്കിയിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിൽ താഴെ പറയുന്ന അപാകതകൾ നിലനില്ക്കുന്നു.

(I) ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥൻ, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ രണ്ടാം നിലയിൽ 6 മുറികൾ ഉള്ളതായി കാണുന്നു. കംപ്ലീഷൻ പ്ലാനിൽ ഓപ്പൺ ടെറസ്സായി കാണിച്ചിട്ടുള്ള 5.45 X 5.55 ച.മീ. ഏരിയയാണ് കെട്ടി അടച്ചിട്ടുള്ളത്.

(II) 2019 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 26 പ്രകാരം ഏഴ് മീറ്ററിൽ അധികവും പത്തുമീറ്റർ വരെ ഉയരവുമുള്ള 200 ച.മീ. ൽ അധികവും നിർമ്മിതി വിസ്തീർണ്ണവും ഉള്ള ഗണം F ൽ ഉൾപ്പെട്ട ഒരു കെട്ടിടത്തിന് പ്ലോട്ട് അതിരിൽ നിന്നുമുള്ള അങ്കണങ്ങൾ യഥാക്രമം മുൻ വശം 3 മീ, പുറകുവശം 1.5 മീ, വശങ്ങൾ 1 മീ. എന്നിങ്ങനെ വേണ്ടിയിരുന്നു. എന്നാൽ യഥാക്രമം മുൻ വശം 3.1 മീ, പുറകുവശം 2 മീ, ഒരുവശം 2 മീ, അടുത്തവശം 0.8 മീറ്ററുകൾ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്നും കാണുന്നു. ഈ

അളവുകളാണ് കംപ്ലീഷൻ പ്ലാനിനോടൊപ്പം അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി നല്കിയിട്ടുള്ളത്.

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം.32/ 19.09.22 ) നികുതി നിർണ്ണയിച്ച സമയത്ത് രണ്ടാം നിലയിൽ അഞ്ച് മുറികൾ മാത്രമാണ് ഉണ്ടായിരുന്നതെന്ന മറുപടിയാണ് സെക്രട്ടറി ലഭ്യമാക്കിയത്. ക്രമ നം. II പ്രകാരമുള്ള നിയമ ലംഘനത്തിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

ഈ സാഹചര്യത്തിൽ കെട്ടിടത്തിലെ അനധികൃത നിർമ്മിതിയ്ക്കെതിരെ കെട്ടിടനിർമ്മാണ ചട്ടങ്ങൾ, വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-14 ബയോഫ്ലോക്ക് മത്സ്യകൃഷി - സുഭിക്ഷ കേരളം - മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സബ്സിഡി നൽകി.

| | |
|---|---|
| പദ്ധതി | എസ്.055/22 - ബയോഫ്ലോക്ക് മത്സ്യകൃഷി - സുഭിക്ഷ കേരളം |
| അടങ്കൽ | 6,90,000/-<br>വികസന ഫണ്ട് - 1,84,000/-<br>മറ്റുള്ളവ - 5,06,000/- |
| ചെലവ് | 1,47,200/-<br>(വികസന ഫണ്ട് – 1,47,200/-, ബിൽ നം.1/22.02.22) |
| നിർവഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |

സുഭിക്ഷ കേരളം പദ്ധതിയ്ക്ക് അടിസ്ഥാനമായ സർക്കാർ ഉത്തരവ് (സാ.ധാ) നം. 1009/2020 /ത.സ്വ.ഭ.വ, 29.5.2020 പ്രകാരം ജനറൽ വിഭാഗത്തിന് ബയോഫ്ലോക്ക് മത്സ്യകൃഷിയുടെ യൂണിറ്റ് ചെലവ് 1,38,000/-രൂപയും അതിന്റെ 40% സബ്സിഡിയും ആണ്. ഈ സബ്സിഡി തുകയുടെ മൂന്നിൽ രണ്ടു ഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനവും മൂന്നിലൊന്ന് ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണ്. അടിസ്ഥാനചെലവുകൾക്കായി മാർഗ്ഗരേഖ പ്രകാരം സബ്സിഡിതുകയുടെ 2/3 ഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനവും 1/3 ഭാഗം ഫിഷറീസ് വകുപ്പമാണ് ചെലവഴിക്കേണ്ടത്. എന്നാൽ ഫിഷറീസ് വകുപ്പിൽ നിന്ന് തുക ചെലവഴിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതത്തിൽ നിന്ന് അധികമായി ചെലവഴിച്ച സബ്സിഡി തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | യൂണിറ്റ് ചെലവ്(രൂപ) | യൂണിറ്റ് ചെലവിന്റെ 40% (രൂപ) | തദ്ദേശ സ്ഥാപനത്തിൽ നിന്നും നൽകേണ്ട സബ്സിഡി (2/3 Of 40%)(രൂപ) | നൽകിയ സബ്സിഡി (രൂപ) | അധികം നൽകിയ തുക(രൂപ) |
|---|---|---|---|---|---|---|
| 1. | സുധീരൻ എം. | 96,291/- | 38,516.4/- | 25,677.6/- | 36,800/- | 11,122.4/- |
| 2. | കൃഷ്ണമ്മ ഡി. | 1,07,502/- | 43,000.8/- | 28,667.2/- | 36,800/- | 8,132.8/- |
| 3. | ഗോപകുമാർ എ.പി. | 1,06,462/- | 42,584.8/- | 28,389.87/- | 36,800/- | 8,410.13/- |
| 4. | ശുഭകുമാർ എസ്. | 96,327/- | 38,530.8/- | 25,687.2/- | 36,800/- | 11,112.8/- |

| | |
|---|---|
| ആകെ | 38,778.13/- |

അധികമായി ചെലവഴിച്ച 38,778/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഫിഷറീസ് വകുപ്പിൽനിന്ന് നൽകേണ്ട സബ്സിഡി തുക വിതരണം ചെയ്തതിന്റെ രേഖകളും, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് അധികമായി നൽകിയ സബ്സിഡി തുക ഫിഷറീസ് വകുപ്പ് നൽകേണ്ട സബ്സിഡിയിൽ ക്രമീകരിച്ചതിന്റെ രേഖകളും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 38,778/-രൂപ

ഓഡിറ്റ് എൻക്വയറി നം. 29/19.09.2022

1-15 വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയതിന് ശേഷമുള്ള സ്ഥാപന സന്ദർശന ചെലവ് അംഗീകരിക്കുന്നില്ല.

2021-22 വർഷത്തിലെ വാർഷിക പദ്ധതിയിലുൾപ്പെട്ട ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വയോജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതി (പ്രോജക്ട് നം-12/22) പ്രകാരം കട്ടിൽ വിതരണം ചെയ്ത ഒളിമ്പിയ എന്റർപ്രൈസസ്, തിരുവാർപ്പ്, കോട്ടയം എന്ന സ്ഥാപനത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവർ 16.2.22 (വേ ബിൽ പ്രകാരം) തീയതിയിൽ ഗുണനിലവാരം ഉറപ്പാക്കാൻ സന്ദർശിച്ചതിന് വാഹനവാടകയിനത്തിൽ (KL-23-F-4783, ഇന്നോവകാർ) 2,500/-രൂപ (ചെക്ക് നം-062587/17.2.22) ചെലവഴിച്ചു. ടി സ്ഥാപനം ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കിയ സാംപിൾ കട്ടിൽ 31.1.22-ൽ ചന്ദനത്തോപ്പ് ഗവ. ഐ.ടി.ഐ ടെക്നിക്കൽ എക്സ്പെർട്ട് പരിശോധിച്ച റിപ്പോർട്ടിന്റെയും, 1.2.22 തീയതിയിലെ പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഒളിമ്പിയ എന്റർപ്രൈസസ്, തിരുവാർപ്പ്, കോട്ടയം എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിച്ച് കട്ടിൽ വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് 1.2.22 തീയതിയിലെ 1(6) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം നിർവ്വഹണോദ്യോഗസ്ഥനെ ചുമതലപ്പെടുത്തി. കട്ടിൽ വാങ്ങാൻ നിർവ്വഹണോദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയതിന് ശേഷം കട്ടിലിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ ഗ്രാമപഞ്ചായത്ത് അംഗങ്ങൾ സ്ഥാപന സന്ദർശനം നടത്തി വാഹനവാടകയിനത്തിൽ തുക ചെലവഴിച്ചതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടെൻഡർ എടുത്ത സ്ഥാപനത്തിന്റെ ശേഷിയും, നിലവാരവും ഉറപ്പ് വരുത്തുന്നതിന് വേണ്ടിയാണ് സ്ഥാപനം സന്ദർശിച്ചതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ടി മറുപടി അംഗീകരിക്കുന്നില്ല. ഗുണനിലവാര പരിശോധന നടത്തിയശേഷം കട്ടിൽ വിതരണം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയതിന് ശേഷമുള്ള ടി യാത്രാ ചെലവിനത്തിൽ നൽകിയ 2,500/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ സെക്രട്ടറിയിൽ ഈടാക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക – 2,500/-രൂപ

ഓഡിറ്റ് എൻക്വയറി നം - 8/ 16.09.22

1-16 2020-21 വർഷത്തിൽ കെട്ടിടനികുതി 100% പിരിവ് നടന്നതിന് ശേഷവും 3.4.21 തീയതിയിൽ വാഹനം വാടകയ്ക്കെടുക്ക് നികുതി പിരിവ് നടത്തിയ ചെലവ് അംഗീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലും 3.4.21 തീയതിയിൽ ഓട്ടോറിക്ഷ വാടകയ്ക്കെടുത്ത് കെട്ടിടനികുതി പിരിക്കുന്നതിന് വാടകയിനത്തിൽ 3,960/-(56215/3.4.21)രൂപ ചെലവഴിച്ചുവെന്നാണ് സെക്ഷൻ ക്ലാർക്ക് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. എന്നാൽ ആപ്പ എയ്സ് മാജിക്ക് വാഹനത്തിന്റെ (KL-02-AR-7882) 3.4.21 തീയതിയിലെ വേ-ബില്ലാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്.

2020-21 വർഷത്തിൽ കെട്ടിടനികുതി 100% പിരിവ് നടന്നതിന് ശേഷവും 3.4.21 തീയതിയിൽ

യാത്രാവാഹനം അല്ലാത്ത ചരക്ക് വാഹനം വാടകയ്ക്കെടുത്ത് നികുതി പിരിവ് നടത്തിയതിന്, രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വേ-ബില്ലിൽ തീയതി തെറ്റായി രേഖപ്പെടുത്തിയെന്നും, 2021-22 സാമ്പത്തിക വർഷം 100% നികുതിപിരിവ് നടന്നിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. 2021-22 സാമ്പത്തിക വർഷം 100% നികുതിപിരിവ് നടത്തുന്നതിന് 3.4.21 തീയതിയിൽ ചരക്ക് വാഹനം വാടകയ്ക്കെടുത്ത് നികുതി പിരിവ് നടത്തിയതെന്ന മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ നികുതിപിരിവിനായി യാത്രാവാഹനത്തിന് പകരം ചരക്ക് വാഹനത്തിന്റെ വേ-ബിൽ ഹാജരാക്കിയതിന്റെ വാഹനവാടകയിനത്തിൽ നൽകിയ 3,960/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക – 3,960/-രൂപ

ഓഡിറ്റ് എൻക്വയറി നം-10/ 16.09.22

1-17 ഇടവിള കൃഷി വികസനം - സുതാര്യമല്ലാതെ ഇടവിളകിറ്റ് വിതരണം ചെയ്തു.

1)

| പ്രോജക്ട് നം., പേര് | അടങ്കൽ (രൂപ) | ചെലവ്(രൂപ) |
|---|---|---|
| ഇടവിളകൃഷി വികസനം, 93/22 | വികസന ഫണ്ട് (എസ്.സി.പി.)- 2,37,450/-<br>തനതു ഫണ്ട്- 150/- | 1,80,800/-<br>(1,80,800/- ബിൽ നം.6/07.03.2022) |

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2021-22 സാമ്പത്തിക വർഷം നടത്തിയ മേൽ പദ്ധതിയ്ക്കായി നടീൽ വസ്തുക്കൾ സർക്കാർ അംഗീകൃത ഏജൻസിയിൽ നിന്നോ വി.എഫ്.പി.സി.കെ.യിൽ നിന്നോ വാങ്ങി നൽകാവുന്നതാണ്. നിർവ്വഹണ ഉദ്യോഗസ്ഥ കെയ്ക്കോയിൽ നിന്നും വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചതായി ഭരണസമിതിയെ അറിയിച്ചതിനെ തുടർന്ന്, ടെണ്ടർ നടപടികളിലൂടെ വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 29.12.2021 തീയതിയിലെ 1(2) തീരുമാന പ്രകാരം കൃഷി ഓഫീസറോട് നിർദ്ദേശിച്ച് തീരുമാനിച്ചിരുന്നു. പിന്നീട് 15.01.2022 ലെ 1(5) നമ്പർ തീരുമാന പ്രകാരം ഇടവിള കൃഷി പദ്ധതിയ്ക്ക് ഗവ. അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കാൻ തീരുമാനിയ്ക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കെയ്ക്കോയുടെ ക്വട്ടേഷൻ അംഗീകരിച്ച് നടീൽ വസ്തുക്കൾ വാങ്ങുകയും ചെയ്തു. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും 11 Kg വീതമുള്ള കിഴങ്ങു വർഗ്ഗങ്ങളുടെ കിറ്റിന് 400/-രൂപ നിരക്കിൽ 452 യൂണിറ്റ് ഇടവിളകിറ്റ് വാങ്ങിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ സ്ഥിര താമസക്കാരായ ചെറുകിട നാമമാത്ര കർഷകർക്ക് ഇടവിളകിറ്റ് നൽകുന്നതിന് വേണ്ടി ആവിഷ്കരിച്ച പ്രോജക്ട് ആണ് ഇത്. ഓരോ ഗുണഭോക്താക്കൾക്കും എത്ര യൂണിറ്റ് കിറ്റാണ് വിതരണം ചെയ്തതെന്ന് വ്യക്തമല്ല. ഗുണഭോക്താക്കളുടെ അപേക്ഷകൾ നിർവ്വഹണ ഉദ്യോഗസ്ഥ വാങ്ങി ഗ്രാമപഞ്ചായത്തിലെ സ്ഥിരം താമസക്കാരായ ചെറുകിട നാമമാത്ര കർഷകർക്കാണ് ഇടവിളകിറ്റുകൾ വിതരണം ചെയ്തതെന്ന് ഉറപ്പാക്കിയിട്ടില്ല. കൂടാതെ വിതരണ രേഖകളിൽ ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലേയും 423 ഗുണഭോക്താക്കളുടെ പേരും ഒപ്പും മാത്രമാണുള്ളത്. ടി രേഖകൾ ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അവശേഷിക്കുന്ന 29 ഇടവിളകിറ്റിന്റെ വിതരണ വിവരം ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ ടി പദ്ധതിയ്ക്കായി ചെലവഴിച്ച 1,80,800/-രൂപ തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകളും ഇടവിളകിറ്റ് വിതരണം ചെയ്ത ആധികാരികമായ രേഖകളും ഹാജരാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 1,80,800/-രൂപ
ഓഡിറ്റ് എൻക്വയറി നം.5/15.09.2022

2)

| പ്രോജക്ട് നം., പേര് | അടങ്കൽ(രൂപ) | ചെലവ്(രൂപ) |
|---|---|---|
| ഇടവിളകൃഷി വികസനം, 72/22 | വികസന ഫണ്ട് (ജനറൽ) 12,75,000/- | 12,75,000/-<br>( 6,00,000/- ബിൽ നം.4/02.03.2022<br>6,75,000/-, ബിൽ നം.5/02.03.2022 ) |

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 സാമ്പത്തിക വർഷം നടത്തിയ മേൽ പദ്ധതി പ്രകാരം 13 Kg വീതമുള്ള കിഴങ്ങു വർഗ്ഗങ്ങളുടെ കിറ്റിന് 500/-രൂപ നിരക്കിൽ 2550 യൂണിറ്റ് ഇടവിളകിറ്റ് വാങ്ങിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ സ്ഥിര താമസക്കാരായ ചെറുകിട നാമമാത്ര കർഷകർക്ക് ഇടവിളകിറ്റ് നൽകുന്നതിനു വേണ്ടി ആവിഷ്കരിച്ച പ്രോജക്ട് ആണ് ഇത്. ഓരോ ഗുണഭോക്താക്കൾക്കും എത്ര യൂണിറ്റ് കിറ്റാണ് വിതരണം ചെയ്തതെന്ന് വ്യക്തമല്ല. ഗുണഭോക്താക്കളുടെ അപേക്ഷകൾ നിർവ്വഹണ ഉദ്യോഗസ്ഥ വാങ്ങി ഗ്രാമപഞ്ചായത്തിലെ സ്ഥിരം താമസക്കാരായ ചെറുകിട നാമമാത്രകർഷകർക്കാണ് ഇടവിളകിറ്റുകൾ വിതരണം ചെയ്തതെന്ന് ഉറപ്പാക്കിയിട്ടില്ല. കൂടാതെ ലഭ്യമാക്കിയ വിതരണരേഖകളിൽ 2540 കിറ്റുകൾ വിതരണം ചെയ്തതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടി രേഖകൾ ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അവശേഷിക്കുന്ന 10 ഇടവിളകിറ്റിന്റെ വിതരണ വിവരം ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ ടി പദ്ധതിക്കായി ചെലവഴിച്ച 12,75,000/-രൂപ തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകളും, ഇടവിളകിറ്റ് വിതരണം ചെയ്തതിന്റെ ആധികാരികമായ രേഖകളും ഹാജരാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 12,75,000/-രൂപ
ഓഡിറ്റ് എൻക്വയറി നം.4/15.09.2022

1-18 ഭവന നിർമ്മാണം - 2018-19, 2019-20 വർഷം കരാർ വച്ചെങ്കിലും ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

ലൈഫ് മിഷൻ മുഖേനയുള്ള ഭവന നിർമ്മാണത്തിനായി 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ എഗ്രിമെന്റിലേർപ്പെട്ട് ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെയും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, മേൽവിലാസം | കരാർ വെച്ച തീയതി | കൈപ്പറ്റിയ തുക (രൂപ) |
|---|---|---|---|
| 1 | തങ്കമണി, കൈലാസം, ഞക്കനാൽ | 27.09.2018 | 40,000/-രൂപ (ചെക്ക് നം. 2642350/28.09.18<br>1,60,000/-രൂപ ( Kurdfc ലോൺ തുക) |
| 2 | ദേവകി, കരൂർ, വയനകം | 27.08.2019 | 40,000/-രൂപ (ബിൽ നം.08/30.08.19) |

മേൽ വ്യക്തികളെക്കൊണ്ട് ഭവന നിർമ്മാണം പൂർത്തീകരിച്ച് ലൈഫ് മിഷൻ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത വ്യക്തികൾക്കു വേണ്ടി ചെലവഴിച്ച തുക പലിശ സഹിതം ഈടാക്കി ഒടുക്കുവരുത്തി

രേഖകൾ ഹാജരാക്കേണ്ടതാണ്.

മേൽ വിഷയം സൂചിപ്പിച്ച നല്കിയ എൻക്വയറിയ്ക്ക് ടി ഗുണഭോക്താക്കളിൽ നിന്നും റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് കമ്മറ്റിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും പലിശ ഒഴിവാക്കി തുക തിരിച്ചടയ്ക്കാൻ ഗുണഭോക്താക്കളെ അനുവദിക്കണമെന്നാവശ്യപ്പെട്ട് കേരള സംസ്ഥാന വികേന്ദ്രാസൂത്രണസമിതിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയതിന്റെ തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്

ഓഡിറ്റ് എൻക്വയറി നം.7/15.09.2022

1-19 2021 ലെ നിയമസഭ തെരഞ്ഞെടുപ്പിൽ ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക റീക്കുപ്പ് ചെയ്ത് തനത് ഫണ്ടിൽ ഒടുക്കുവരുത്തിയിട്ടില്ല.

തനത് ഫണ്ട് വൌച്ചർ പരിശോധനയിൽ 2021 ലെ നിയമസഭ തെരഞ്ഞെടുപ്പ് ആവശ്യങ്ങൾക്കായി ഗ്രാമപഞ്ചായത്തിന്റെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ചെലവഴിച്ച തുക (രൂപ) | ചെക്ക് നം/ തീയതി |
|---|---|---|---|
| 1 | 35 പോളിംഗ് ബൂത്തുകളിൽ വേസ്റ്റ് ബക്കറ്റ് വാങ്ങിയ വില. | 9,530/- | 56218/9.4.21 |
| 2 | നോഡൽ ഓഫീസറുടെ വാഹന വാടക | 3,000/- | 25219/9.4.21 |
| 3 | ഇലക്ഷനുമായി ബന്ധപ്പെട്ട് വലിയകുളങ്ങര G.LPS-ൽ നിന്നും കട്ടിലും, കസേരയും നീക്കം ചെയ്ത കൂലി | 1,350/- | 25219/9.4.21 |
| 4 | വലിയകുളങ്ങര G.LPS-ൽ റാമ്പും, റെയിലും സ്ഥാപിച്ച ചെലവ്. | 13,375/- | 56222/9.4.21 |
| 5 | കൊറ്റംമ്പിള്ളി G.LPS-ൽ ബൂത്ത് ക്ലീനിംഗ് | 675/- | 56235/23.4.21 |
| 6 | കാർബേജ് ബാഗ് വാങ്ങിയ വില. | 1,080/- | 56240/26.4.21 |
| | ആകെ | 29,010/- | |

നിയമസഭ തെരഞ്ഞെടുപ്പ് ആവശ്യങ്ങൾക്കായി ചെലവഴിച്ച 29,010/-രൂപ റവന്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നും റീക്കുപ്പ് ചെയ്ത് തനത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് റീക്കുപ്പ് ചെയ്യുന്നതിന് വൌച്ചറിന്റെ പകർപ്പുകൾ റവന്യൂവകുപ്പിൽ സമർപ്പിച്ചിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയതിനാൽ നിയമസഭ തെരഞ്ഞെടുപ്പിനുവേണ്ടി ചെലവഴിച്ച 29,010/-രൂപ നാളിതുവരെ റീക്കുപ്പ് ചെയ്തിട്ടില്ലാത്തതിനാൽ തടസ്സപ്പെടുത്തുന്നു. ടി തുക റവന്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നും റീക്കുപ്പ് ചെയ്ത് തനത് ഫണ്ടിൽ ഒടുക്കുവരുത്തി രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 29,010/-രൂപ

ഓഡിറ്റ് എൻക്വയറി നം-11/ 16.09.22

1-20 സാന്ത്വന പരിചരണം - സി എച്ച് സി യ്ക്ക് ആവശ്യമായ മരുന്നുകൾ ലഭിച്ചിട്ടില്ല.

സാന്ത്വന പരിചരണം (പ്രോജക്ട് നം.01/2022 ) ന്റെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് ₹1,69,070/- (ബിൽ നം .02/21-22, 05.08.21) നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ

(സിഎച്ച്സി) റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും പിൻവലിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നല്കിയിട്ടുണ്ട്. ഇതിൽ ₹1,04,749/-രൂപയുടെ മരുന്നുകൾ ലഭിച്ചതിന്റെ ഇൻവോയിസുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളതും സ്റ്റോക്ക് എൻട്രി നടത്തിയിട്ടുള്ളതും. ₹64,321/-രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ ₹64,321/-രൂപ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കൈപ്പറ്റുന്നവ യഥാസമയം സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

തടസ്സപ്പെടുത്തുന്ന തുക – 64,321/-രൂപ
ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 2/ 15.09.22

1-21 ഗുണഭോക്തൃലിസ്റ്റ് ഡാറ്റാ എൻട്രി - ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച് വേതനം നൽകിയ തുക തടസ്സപ്പെടുത്തുന്നു.

2021-22 വർഷത്തിലെ വാർഷിക പദ്ധതിയിലുൾപ്പെട്ട വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്തൃലിസ്റ്റ് ഡാറ്റാ എൻട്രി നടത്തുന്നതിന് ശ്രീമതി.അനീഷമോൾ, പാലമൂട്ടിൽ എന്ന വ്യക്തിയെ 755/-രൂപ നിരക്കിൽ നിയമിച്ച് 15 ദിവസത്തെ വേതനം 11,325/- (ചെക്ക് നം. 06953/19.11.21) രൂപ നൽകി. നിലവിലെ ഗ്രാമപഞ്ചായത്ത് ജീവനക്കാർ ചെയ്യേണ്ട ജോലി സർക്കാർ അനുമതിയുടെ അഭാവത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച് വേതനം നൽകിയതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിലവിലെ ജീവനക്കാരെ മാത്രം ഉപയോഗിച്ച് ഡാറ്റാ എൻട്രി നടത്തുന്നതിന് കാലതാമസം നേരിടുന്നതുകൊണ്ടും, സമയബന്ധിതമായി അതാത് നിർവ്വഹണോദ്യോഗസ്ഥർക്ക് പദ്ധതി നിർവ്വഹണത്തിന് കൈമാറി നൽകേണ്ടതിലുമാണ് ഡാറ്റാ എൻട്രി നടത്തുന്നതിന് ഒരാളെ നിയമിച്ചതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. തസ്തിക ഇല്ലാതെ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കണമെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ആയതിനാൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ഒരാളെ നിയമിച്ച് വേതനം നൽകിയയിനത്തിലുള്ള 11,325/- രൂപ തടസ്സപ്പെടുത്തുന്നു. ആയതിന് രേഖാമൂലം വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 11,325/-രൂപ
ഓഡിറ്റ് എൻക്വയറി നം - 14/ 16.09.22

1-22 തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് പോളിംഗ് ബൂത്ത് വൃത്തിയാക്കൽ - ചെയ്യാത്ത പ്രവൃത്തിക്ക് വേതനം നൽകിയ 2,400/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് - 2020-മായി ബന്ധപ്പെട്ട് എസ്.ആർ.വി.യു.പി.എസ്, ലയൺസ് ക്ലബ്ബ്, ഓച്ചിറ ഗവ.എച്ച്.എസ്. എന്നിവിടങ്ങളിൽ പുല്ല് ബ്രഷ് കട്ടർ ഉപയോഗിച്ച് വൃത്തിയാക്കിയതിന് കൂലിയിനത്തിൽ 2,400/-രൂപ (ചെക്ക് നം.58385/1.7.21) നൽകി. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ മസ്റ്റർറോളിൽ പ്രവൃത്തി ചെയ്ത ദിനം 1.6.21 തീയതിയെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തീയതിയിലെ പിശക് ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മസ്റ്റർ റോളിലെ പിശക് സെക്ഷന്റെയോ, സെക്രട്ടറിയുടെയോ ശ്രദ്ധയിൽപ്പെട്ടില്ലെന്ന മറുപടിയാണ് ലഭ്യമാക്കിയത്. 2020 ലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വൃത്തിയാക്കലുകൾ 2021 ലെ മസ്റ്റർ റോൾ പ്രകാരം നടപ്പാക്കിയതായ രേഖകൾ അംഗീകരിക്കുന്നില്ല. ആയതിനാൽ 2,400/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക സെക്രട്ടറിയിൽ നിന്ന് ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

നിരാകരിക്കുന്ന തുക - 2,400/-രൂപ
ഓഡിറ്റ് എൻക്വയറി നം – 17/ 16.09.22

1-23 ഗ്രാമപഞ്ചായത്ത് ഓഫീസ് ആവശ്യത്തിനായി മൾട്ടി ഫംഗ്ഷൻ പ്രിന്റർ വാങ്ങുന്നതിന് തുക നൽകിയെങ്കിലും, നാളിതുവരെ ലഭ്യമായിട്ടില്ല.

പ്രോജക്ട് നം - S0165/22

അടങ്കൽ തുക - 63,000/-രൂപ ( 62,300/- വികസനഫണ്ട് – ജനറൽ + 700/- തനത്ഫണ്ട് )

ചെലവ് - 40,036/-രൂപ (വികസനഫണ്ട് – ജനറൽ)

ബിൽ നം/തീയതി - 29/19.3.22

ഗ്രാമപഞ്ചായത്ത് ഓഫീസ് ആവശ്യത്തിനായി 3 മൾട്ടി ഫംഗ്ഷൻ പ്രിന്ററുകൾ സർക്കാർ അംഗീകൃതസ്ഥാപനമായ സി.പി.ആർ.സി.എസ്/ജം-ൽ നിന്ന് നേരിട്ട് വാങ്ങുന്നതാണ് പദ്ധതി. ആയതിൻ പ്രകാരം 2 പ്രിന്ററുകൾ വാങ്ങുന്നതിന് 20,018/-രൂപ നിരക്കിൽ ആകെ 40,036/-രൂപ (ബിൽ നം-29/19.3.22) കേരള സ്റ്റേറ്റ് ഐ.ടി.മിഷന് നൽകി. ടി പ്രിന്ററുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിലവിൽ മൾട്ടി ഫംഗ്ഷൻ പ്രിന്ററുകൾ കെൽട്രോണിൽ ലഭ്യമല്ലാത്തതിനാൽ സി.പി.ആർ.സി.എസ് പോർട്ടലിലൂടെ വർക്ക് ഓർഡർ ജനറേറ്റ് ചെയ്യാൻ സാധിക്കുന്നില്ലെന്നും, ആയതിനാൽ തുക തിരികെ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. തുക നാളിതുവരെ തിരികെ ഈടാക്കിയിട്ടിയില്ലാത്തതിനാൽ മൾട്ടി ഫംഗ്ഷൻ പ്രിന്ററുകൾ വാങ്ങുന്നതിന് ചെലവഴിച്ച 40,036/-രൂപ തടസ്സപ്പെടുത്തുന്നു. തുക തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൌണ്ടിൽ ഒടുക്കുവരുത്തി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 40,036/-രൂപ
ഓഡിറ്റ് എൻക്വയറി നം – 25/17.09.22

1-24 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 11,41,779/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2021-22 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളുടെ വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം പേര് | തുക കൈപ്പറ്റിയ സ്ഥാപനം | തുക (രൂപ) | ബിൽ നം/ ചെക്ക് നം |
|---|---|---|---|---|
| 1 | 130 നം.അംഗൻവാടിക്ക് കുടിവെള്ള കണക്ഷൻ (76/22) | കേരള വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ, കൊല്ലം | 1,51,000/- | 5/24.6.21 |
| 2 | സി.എച്ച്.സി. സബ്-സെന്റർ റീവയറിംഗ് (192/22) | പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ സെക്ഷൻ, ആലപ്പുഴ | 1,37,000/- | 32/23.3.22 |
| 3 | ഐ.കെ.എം പ്രവർത്തനഫണ്ട് (4/22) | ഐ.ടി. മിഷൻ | 78,738/- | 12/20.10.21 |
| 4 | ജീവനം പദ്ധതി (68/22) | കൊല്ലം ജില്ലാ പഞ്ചായത്ത് | 2,00,000/- | XVFC/2021-22/P/2, 26.11.21 E-gramswaraj |
| 5 | എസ്എസ്.എ. വിഹിതം | എസ്എസ്.കെ, കൊല്ലം | 5,00,421/- | XVFC/2021-22/P/1, |

| | | | | |
|---|---|---|---|---|
| | (3/22) | | | 26.11.21<br>E-gramswaraj |
| 6 | പോസ്റ്റ് ഷിഫ്റ്റിംഗ്<br>(197/22) | കെ.എസ്.ഇ.ബി.മണപ്പള്ളി, ഓച്ചിറ, കൃഷ്ണപുരം | 74,620/- | 062594/25.2.22<br>065358/31.3.22 |
| | | ആകെ | 11,41,779/- | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 11,41,779/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ പരാമർശിക്കപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 11,41,779/-രൂപ

ഓഡിറ്റ് എൻക്വയറി നം-23/16.09.22

## 1-25 MGNREGS കേന്ദ്രവിഹിതം - കാലിത്തൊഴുത്ത് നിർമ്മാണം നാളിതുവരെ റീക്കൂപ്പ് ചെയ്യിട്ടില്ലാത്തതിനാൽ ചെലവ്തുക തടസ്സപ്പെടുത്തുന്നു.

MGNREGS കാലിത്തൊഴുത്ത് നിർമ്മാണം (വ്യക്തിഗത ആസ്തി നിർമ്മാണം) പദ്ധതിയിൽ ഉൾപ്പെടുത്തി ശ്രീമതി.ചെല്ലമ്മ, തുളസിത്തറയിൽ, വലിയകുളങ്ങര എന്ന ഗുണഭോക്താവ് കാലിത്തൊഴുത്ത് നിർമ്മിച്ചതിന് ചെലവായ തുക കേന്ദ്രവിഹിതം ലഭ്യമാകാത്തതിനാൽ തനത് ഫണ്ടിൽ നിന്നും 1,11,745/-(ചെക്ക് നം-5289108/16.4.21)രൂപ നൽകി. കേരള സർക്കാരിന്റെ 2.11.20 ലെ സ.ഉ(സാധാ)നം.2056/2020/ത.സ്വ.ഭ.വ പ്രകാരം കേന്ദ്രവിഹിതം ലഭ്യമാകാത്ത സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും തുക വിതരണം ചെയ്യുന്നതിനും, കേന്ദ്രവിഹിതം ലഭ്യമാകുന്ന മുറയ്ക്ക് റീക്കൂപ്പ് ചെയ്യേണ്ടതുമാണ്. എന്നാൽ ടി തുക നാളിതുവരെ റീക്കൂപ്പ് ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുടർന്നു വരുന്ന മെറ്റീരിയൽ ഫണ്ടിൽ നിന്നും, തനത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്യുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. നാളിതുവരെ റീക്കൂപ്പ് ചെയ്യാത്തതിനാൽ 1,11,745/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കേന്ദ്ര ഫണ്ട് ലഭ്യമാക്കി തനത് ഫണ്ടിൽ റീക്കൂപ്പ് ചെയ്ത രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 1,11,745/-രൂപ

ഓഡിറ്റ് എൻക്വയറി നം - 15/16.09.22

## 1-26 മരാമത്ത് പ്രവർത്തികളുടെ ആസൂത്രണ - നിർവ്വഹണത്തിൽ അപാകതകൾ

2021-22 സാമ്പത്തിക വർഷം 72 പ്രോജക്ടുകളിൽ 15 സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ 50 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്. 2 സ്പിൽ ഓവർ പ്രോജക്ട് ഉൾപ്പെടെ 22 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. പ്രോജക്ടുകൾ വിവിധ കാരണങ്ങളാൽ സ്പിൽ ഓവർ ആകുക, ഉപേക്ഷിക്കപ്പെടുക എന്നീ അവസ്ഥകൾ ഉണ്ടായി. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത, അധികമായ ഫണ്ട് വകയിരുത്തൽ, നിർവഹണ കാലയളവിൽ പ്രോജക്ടിൽ മാറ്റങ്ങൾ അനിവാര്യമായി തീരുക, സ്ഥലപരിശോധനയിൽ പ്രോജക്ട് നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുക, കരാർ വച്ച ശേഷം കരാറുകാരൻ പ്രവൃത്തി ഉപേക്ഷിക്കുക, എന്നീ വിഷയങ്ങൾ ഗുരുതരമായ വീഴ്ചയായി വിലയിരുത്തുന്നു. ടെണ്ടറുകളിൽ കരാറുകാരുടെ പ്രവൃത്തി ഏറ്റെടുക്കൽ 50% മാത്രമാണ് അതിനുശേഷം റീടെണ്ടർ നടപടിക്രമങ്ങളിലേയ്ക്ക് പോകുന്നു. അതിലും കരാറുകാരുടെ പ്രവൃത്തി ഏറ്റെടുക്കൽ ഉണ്ടാകാത്ത 6 വർക്കുകൾ ബഹു. സർക്കാരിന്റെ 16.09.2021

ലെ 1778/2021 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് – 10% അധികനിരക്ക് കരാറുകാരന് നൽകാനുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ സ്വീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(1) കരാർ വച്ച പ്രവൃത്തി ഉപേക്ഷിച്ചു. തുടർനടപടി സ്വീകരിച്ചില്ല.

പ്രോജക്ട് – എസ്.ഒ.146/2021-22 (മലർവാടി – മുണ്ടുകോട്ട ജം. ഓട നിർമ്മാണം ( വാർഡ് 2 )

അടങ്കൽ - 1,50,000/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

സാങ്കേതികാനുമതി - 73493/20-21

കരാറുകാരൻ – ശ്രീ. ശിവപ്രസാദ്.കെ

കരാർ നമ്പർ/തീയതി - 38/എ.ഇ./എൽ.എസ്.ജി.ഡി/.ഒ.ജി.പി./2020-21 തീയതി. 12.02.2021

സൈറ്റ് കൈമാറിയ തീയതി - 12.02.2021

സൈറ്റ് കൈമാറി ഒരു വർഷം കഴിഞ്ഞ ശേഷം 9.03.2022 ൽ 3/2021-22 ടി പ്രവർത്തി ആരംഭിക്കാത്തതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ മറ്റൊരു ഏജൻസിയെ കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്ന് കത്ത് നൽകി. ഇതിനു മറുപടിയായി സാധനങ്ങളുടെ വില കൂടിയതിനാൽ പ്രവൃത്തി നിർവ്വഹിക്കാൻ കഴിയില്ലയെന്നറിയിച്ച് കരാറുകാരൻ 18.03.2022 ന് മറുപടി നല്കി. വിഷയം സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിയിൽ (ഓഡിറ്റ് എൻക്വയറി നമ്പർ 20/21-22 തീയതി 16.09.2022) ടിയാനെ ടെർമിനേറ്റ് ചെയ്യുന്ന വിഷയം കമ്മിറ്റിയിൽ ചർച്ചയ്ക്ക് വന്നിരുന്നുവെങ്കിലും തുടർ നടപടികൾ ആയിട്ടില്ലായെന്ന് അസി.എഞ്ചിനീയർ മറുപടി നല്കി. ടി വിഷയത്തിൻമേലുള്ള നിയമപരമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2) അനുയോജ്യമായ സ്ഥല ലഭ്യതയില്ലാത്തതിനാൽ നിർമ്മാണം തടസ്സപ്പെട്ടു.

സാങ്കേതികാനുമതി ലഭിച്ച പ്രോജക്ട് ഉപേക്ഷിച്ചു.

പ്രോജക്ട് - ഹോമിയോ ആശുപത്രി നവീകരണം – (വാർഡ് 1) (എസ്.ഒ.ഒ. 32/2022)

നിർവ്വഹണം - അസി.എഞ്ചിനീയർ

അടങ്കൽ - 3,00,000/-രൂപ (മെയിന്റനൻസ് ഫണ്ട് (റോഡിതരം)

സാങ്കേതികാനുമതി - 61712/2021-22 തീയതി. 30.11.2021

കരാറുകാരൻ – ശ്രീ. ബൈജു. ആർ.

പി.എ.സി – 2,43,122.83/-

സെലക്ഷൻ നോട്ടീസ് തീയതി - 19.01.2022

കരാർ തീയതി - 24.01.2022

പ്രവർത്തിയുടെ സൈറ്റ് പ്ലാൻ പരിശോധിച്ചതിൽ ഒരു സ്വതന്ത്ര നിർമ്മാണമായി റൂം ചെയ്യാനാണ് വരച്ചിട്ടുള്ളത്. എന്നാൽ ഇതിനു വിരുദ്ധമായി കെട്ടിടത്തിനോട് ചേർന്നുള്ള നവീകരണം എന്ന നിലയിൽ മെയിന്റനൻസ് ഫണ്ട് (റോഡിതരം) വച്ച് ടി പ്രോജക്ടിന് ടി.എസ്. ലഭിച്ചു. കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കുന്നതിനായി സൈറ്റിൽ എത്തിയപ്പോൾ കെട്ടിടത്തിനോട് ചേർന്ന് സ്റ്റെയർ നിൽക്കുന്നതിനാലും, പരാമർശിത സ്ഥലത്ത് സെപ്റ്റിക് ടാങ്ക് ഉള്ളതിനാലും നിർമ്മാണപ്രവർത്തനം സാധ്യമല്ലാതായി. പഞ്ചായത്ത് കമ്മിറ്റിയുടെ 31.08.2021 ലെ 2(1) നമ്പർ തീരുമാനപ്രകാരം ഉപേക്ഷിച്ചിരിക്കുന്നു.

ഹോമിയോ ആശുപത്രിയിൽ നടത്തിയ സ്ഥല പരിശോധനയിൽ മരുന്നുകൾ സൂക്ഷിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇല്ല എന്ന് കണ്ടെത്തി. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യവികസനം പഞ്ചായത്ത് മുൻഗണനാടിസ്ഥാനത്തിൽ പരിഹരിക്കേണ്ട വിഷയമാണ്.

ആശുപത്രി കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ ടൈൽ വർക്കുകൾ ഭാഗികമായി ചെയ്തു നിർത്തിയിരിക്കുന്നതായി കണ്ടു. മുൻവർഷങ്ങളിലെ പ്രോജക്ടുകൾ ഭാഗികമായി ഉപേക്ഷിക്കപ്പെടുന്നതായി ഇത് വ്യക്തമാക്കുന്നു. ടി സ്ഥലത്ത് നവീകരണ പ്രവർത്തനങ്ങൾ നടത്തിയോ അല്ലാത്ത പക്ഷം മറ്റേതെങ്കിലും സ്ഥലം കണ്ടെത്തിയോ ആശുപത്രി ആവശ്യത്തിലേയ്ക്കുള്ള മരുന്നുകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള സ്ഥലം ഒരുക്കുകയെന്നത് അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ട വിഷയമായിട്ടും പ്രോജക്ട് ഉപേക്ഷിച്ച നടപടി ഓഡിറ്റ് ഗൗരവമായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 21/2021-22 തീയതി. 16.09.2022) ഹാജരാക്കിയ മറുപടി, ഫണ്ടിന്റെ കുറവ് കൊണ്ട് പ്രോജക്ട് ഉപേക്ഷിച്ചുവെന്നും, നിലവിലുള്ള കെട്ടിടത്തിന് മുകളിൽ സീലിംഗ് ചെയ്ത് പുതിയ മുറി നിർമ്മിച്ചാൽ മരുന്നുകൾ സൂക്ഷിക്കാൻ കഴിയുമെന്നാണ്. തുടർ വർഷത്തിൽ, കൃത്യമായ സ്ഥലപരിശോധന നടത്തിയും ആവശ്യമായ ഫണ്ട് വകയിരുത്തിയും പ്രോജക്ട് വച്ച് നടപ്പിലാക്കുന്നതിന് ജനപ്രതിനിധികളുടേയും ഭരണസമിതിയുടേയും സത്വര ശ്രദ്ധ ക്ഷണിക്കുന്നു.









(3) പ്രോജക്ട് വച്ച പ്രവർത്തിക്ക് എസ്റ്റിമേറ്റ് എടുത്ത് ടി.എസ്. വാങ്ങിയില്ല. പ്രോജക്ട് ഉപേക്ഷിക്കേണ്ടി വന്നു.

പ്രോജക്ട് നം- 212/2022 (വെറ്റിനറി സബ്സെന്റർ അറ്റകുറ്റപ്പണി )

അടങ്കൽ/ഫണ്ട് - 4,50,000/-രൂപ (മെയിന്റനൻസ് ഫണ്ട് (റോഡിതരം)

നിർവ്വഹണം - അസി.എഞ്ചിനീയർ

മേൽ സൂചിത പദ്ധതിക്കായി അടങ്കൽ വച്ചിരുന്നുവെങ്കിലും എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയത് വെറ്റിനറി ആശുപത്രി നവീകരണത്തിനാണ്. ടി.എസ് ക്യാൻസൽ ചെയ്യുന്നതിനും പുതിയതായി വെറ്റിനറി സബ്സെന്റർ അറ്റകുറ്റപ്പണിക്ക് എസ്റ്റിമേറ്റ് എടുത്ത് ടി.എസ് വാങ്ങുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ 17.11.2021 ലെ അജണ്ട 2 പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. ടി പദ്ധതി തൻവർഷം നടപ്പിലാക്കിയിട്ടില്ല.

(4) അധിക ഫണ്ട് വകയിരുത്തിയതിനാൽ പദ്ധതി ഭേദഗതി ചെയ്തു.

പ്രോജക്ട് - 48/2022 (വാഴപ്പള്ളിൽ മുക്ക് വളയംതറ മുക്ക് റീടാറിംഗ്)

അടങ്കൽ – 3,71,800/-രൂപ (മെയിന്റനൻസ് ഫണ്ട് (റോഡ്)

മേൽ സൂചിപ്പിച്ച പ്രവൃത്തിക്കായി അധികം ഫണ്ട് (7,03,500/-) വകയിരുത്തുകയും പിന്നീട് ഫണ്ട് മതിയായതിൽ അധികമുണ്ട് എന്ന കാരണത്താൽ പദ്ധതി ഭേദഗതി ചെയ്യുകയും ചെയ്തു.

(5) അടിയന്തിര സാഹചര്യം പരിഗണിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നില്ല.

വിവിധ വാർഡുകളിൽ സ്ഥിരമായി വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ ഓട നിർമ്മിക്കുന്നതിനും റോഡിന് വീതികുറവുള്ള സ്ഥലങ്ങളിൽ ഓട നിർമ്മിച്ച് സ്ലാബ് ഇടുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണമെന്നുള്ള മെമ്പർമാരുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ ആയതിലേയ്ക്കുള്ള ഫണ്ട് ലഭ്യമാക്കാൻ സർക്കാർ തലത്തിലും മറ്റ് ത.സ്വ.ഭ. സ്ഥാപനങ്ങളോടും അഭ്യർത്ഥിക്കാൻ തീരുമാനമെടുത്തതായി കാണുന്നു. തുടർനടപടി വിശദാംശം ലഭ്യമല്ല. ഫണ്ട് അപര്യാപ്തമായതിനാൽ വർക്കുകൾ മാറ്റിവയ്ക്കാൻ തീരുമാനമെടുത്തതായും കാണുന്നുണ്ട്.

(6) എസ്റ്റിമേറ്റ് എടുത്തശേഷം അംഗീകാരം വാങ്ങിയ പദ്ധതികൾ സ്ഥലം അളന്നതിട്ടപ്പെടുത്താനുണ്ടെന്ന കാരണത്താൽ ഉപേക്ഷിക്കുന്നു.

2-ാം വാർഡിലെ വേലശ്ശേരി ജം. ഇടച്ചിരേത്ത് കാവ് ഓട നിർമ്മാണം (26.10.2021 ലെ അജണ്ട 2)

(7) പ്രവർത്തികൾ സമയബന്ധിതമായി അംഗീകാരം വാങ്ങി നടപ്പിലാക്കിയില്ല.

2021-22 സാമ്പത്തിക വർഷം മരാമത്ത് പ്രവർത്തികൾ ഒന്നും തന്നെ എസ്റ്റിമേറ്റ് എടുത്ത് ടി.എസ് വാങ്ങി 10/2021 വരെ നടപ്പിലാക്കിയിട്ടില്ലയെന്ന് (12.11.2021 ലെ അജണ്ട 5)കാണുന്നു. ഇപ്രകാരമുള്ള കാര്യക്ഷമത കുറവ് പ്രവർത്തികളുടെ കാലതാമസത്തിനും, ഫണ്ട് ലാപ്സിനും അതുവഴി വികസന പ്രവർത്തനങ്ങളുടെ തടസ്സത്തിനും കാരണമായി.

വർക്കിംഗ് ഗ്രൂപ്പുകൾ, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി, എന്നിവരുടെ കൃത്യമായ മോണിറ്ററിംഗ് സംവിധാനത്തിന്റെ അഭാവമാണ് ഇത്തരത്തിൽ ഉള്ള വീഴ്ചകൾക്കുള്ള കാരണങ്ങളെന്ന് വിലയിരുത്തുന്നു. മേൽ പ്രോജക്ടുകളുടെ തുടർനടത്തിപ്പുകളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-27 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ വർക്കുകൾ സമയബന്ധിതമായി നടപ്പിലാക്കപ്പെടുന്നില്ല.

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മുൻവർഷങ്ങളിലെ ആക്ഷൻപ്ലാനുകളിൽ നിന്നും ക്യാരിഓവർ ചെയ്യപ്പെട്ടത് ഉൾപ്പെടെ ആകെ 74 നിർമ്മാണപ്രവർത്തികളാണ് അംഗീകരിച്ചത്. ആയതിൽ കേവലം 6 പ്രവർത്തികളാണ് തൻവർഷം പൂർത്തീകരിച്ചിട്ടുള്ളത്. ആക്ഷൻപ്ലാനിൽ ഉൾപ്പെടുന്ന എല്ലാ പ്രവർത്തികളും വെണ്ടർമാർ ക്വട്ടേഷനിലൂടെ എസ്റ്റിമേറ്റ് റേറ്റിൽ ഏറ്റെടുക്കുന്നു. ടെണ്ടർ, റീടെണ്ടർ നടപടിക്രമങ്ങളിലൂടെ കരാറുകാർ പ്രവർത്തികൾ ഏറ്റെടുക്കുന്നില്ല. എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുക്കുന്നതിനുവേണ്ടി വെണ്ടർമാർ ക്വട്ടേഷൻ ക്ഷണിക്കുന്നതുവരെ കാത്തിരിക്കുന്നുവെന്ന് ഇത് വ്യക്തമാകുന്നു. വെണ്ടർമാർ ക്വട്ടേഷനിലൂടെ ഏറ്റെടുക്കുന്നതിൽ ഒരു ചെറിയ ശതമാനം പ്രവൃത്തി മാത്രമാണ് കരാർ വച്ച് നടപ്പിലാക്കുന്നത്. കരാർ വച്ച പ്രവർത്തികളിൽ നിന്ന് പിൻമാറുന്ന അവസ്ഥയും നിലനിൽക്കുന്നു. ആക്ഷൻപ്ലാൻ അംഗീകാരം, ടെണ്ടർ, റീടെണ്ടർ, എന്നിവ കഴിഞ്ഞ് സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ 10 ൽ കൂടുതൽ പ്രവർത്തികൾ ക്വട്ടേഷനിലൂടെ ഒരു വെണ്ടർ തന്നെ ഏറ്റെടുക്കുകയും അതിൽ ഒന്നോ രണ്ടോ വർക്കുകൾ മാത്രം പൂർത്തീകരിച്ച് ബാക്കി ഉപേക്ഷിക്കുന്നതായി കാണുന്നു. തുടർ വർഷങ്ങളിലെ ആക്ഷൻ പ്ലാനിലേയ്ക്ക് ടി പ്രവർത്തികൾ ക്യാരി ഓവർ ചെയ്യപ്പെടുന്നു. ഇത് അടിയന്തിര സാഹചര്യം പരിഗണിച്ച്

എസ്റ്റിമേറ്റ് എടുത്ത മെറ്റീരിയൽ വർക്കുകൾ സമയബന്ധിതമായി നടപ്പാക്കാത്തതിനും, ഉപേക്ഷിക്കപ്പെടുന്നതിനും കാരണമാകുന്നു.

മെറ്റീരിയൽ വർക്കുകൾ പരിശോധിച്ചതിലെ പൊതു അപാകതകൾ

(1) മത്സരാധിഷ്ഠിത ടെണ്ടർ/റീടെണ്ടർ ഉണ്ടാകുന്നില്ല.

(2) തൻവർഷം പൂർത്തീകരിച്ച 6 നിർമ്മാണ പ്രവർത്തികളിലെ സ്കിൽഡ്/സെമിസ്കിൽഡ് വർക്കേഴ്സിന്റെ മസ്റ്റർ റോളിൽ ഹാജർ രേഖപ്പെടുത്തിയിട്ടില്ല. ഫണ്ട് ലഭ്യമാകാത്തിനാൽ ടി ഇനത്തിൽ വേതനം ഘടകം ചെലവ് വന്നിട്ടില്ല.

(3) പ്രവർത്തി ആരംഭിക്കുന്ന സമയത്ത് പ്രവർത്തിയുടെ പേര് രേഖപ്പെടുത്തിയുള്ള ബോർഡ് പ്രദർശിപ്പിക്കുന്നില്ല.

(4) കുടുംബശ്രീ സി.ഡി.എസ് അംഗീകരിച്ച മേറ്റ് സാധനസാമഗ്രികൾ ഏറ്റുവാങ്ങുന്ന ഫോട്ടോ സൂക്ഷിച്ചിട്ടില്ല.

(5) അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസിയറുടെ പക്കൽ നിന്നും സാധനസാമഗ്രികൾ ഏറ്റുവാങ്ങുമ്പോൾ അതിനുള്ള കൈപ്പറ്റ് രസീത് മേറ്റ് ഒപ്പിട്ട് അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസിയറുടെ മേൽ ഒപ്പോടുകൂടി (അനുബന്ധം 5) അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. മേൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

(6) മേറ്റ് കൈപ്പറ്റുന്ന സാധനസാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും (അനുബന്ധം 6) പ്രവൃത്തികളുടെ ആവശ്യാനുസരണം വിതരണം ചെയ്യുന്നുണ്ടെന്നും പ്രസ്തുത വിവരങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെന്നും അക്രഡിറ്റഡ് എഞ്ചിനീയർ ഉറപ്പാക്കിയിട്ടില്ല.

(7) ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 3 കൺസ്ട്രക്ഷൻ യൂണിറ്റുകളാണ് ഒരുമ കുടുംബശ്രീ (വാർഡ് 10) തനിമ കുടുംബശ്രീ (വാർഡ് 4), ഗ്രാമമഹിമ കുടുംബശ്രീ (വാർഡ് 4) മേൽ യൂണിറ്റുകൾക്ക് കൺസ്ട്രക്ഷൻ മേഖലയിൽ ട്രെയിനിംഗ് നൽകിയെങ്കിലും ആരെയും തന്നെ സാമൂഹ്യ ആസ്തികളുടെ നിർമ്മാണത്തിനായി മുന്നോട്ട് കൊണ്ടുവരുന്നതിന് ശ്രമങ്ങൾ നടക്കുന്നില്ല.

(8) സാമൂഹ്യ ആസ്തികളുടെ നിർമ്മാണത്തിനായി വിവിധ വാർഡുകളിലെ മെമ്പർമാരുടെ അപേക്ഷ കമ്മിറ്റിയിൽ ഉണ്ടാവുകയും ആയതിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ട റോഡ്/നടപ്പാത കോൺക്രീറ്റ് പ്രവർത്തികൾ ആസ്തിയിൽ ചേർത്ത് ചെയ്യുന്നതിന് കമ്മിറ്റി തീരുമാനം നിരന്തരം ഉണ്ടാകുന്നുവെങ്കിലും അതിനനുസരിച്ചുള്ള പ്രവൃത്തികൾ നടപ്പിലാക്കപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിൽ സ്കിൽഡ്/സെമിസ്കിൽഡ്, അൺസ്കിൽഡ് വിഭാഗത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളെ വാർഡ് അടിസ്ഥാനത്തിൽ വിന്യസിച്ച് പരിശീലനം നൽകി പ്രവൃത്തികൾ നടപ്പിലാക്കാം. കൺസ്ട്രക്ഷൻ മേഖലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ജി.എസ്.ടി രജിസ്ട്രേഷൻ ലഭ്യമാക്കിയ ശേഷം ക്വട്ടേഷൻ നടപടികളിലൂടെ മെറ്റീരിയൽ ശേഖരിച്ച് അവർക്ക് തന്നെ വിദഗ്ധ/അർദ്ധവിദഗ്ധ തൊഴിലിൽ പരിശീലനം സിദ്ധിച്ച് തൊഴിൽ ചെയ്യാവുന്ന തരത്തിലേയ്ക്ക് കൊണ്ടുവരേണ്ടത് അനിവാര്യമാണ്. നിർമ്മാണ പ്രവൃത്തികൾക്ക് ഫണ്ടുകളുടെ ലഭ്യതകുറവ്, അനിവാര്യ പ്രവർത്തികളുടെ ബാഹുല്യം എന്നിവ നിലനിൽക്കുന്ന വിഷയങ്ങളാണ്. പഞ്ചായത്ത് തലത്തിലെ സാമൂഹ്യ ആസ്തികളുടെ നിർമ്മാണത്തിന് അത്യന്താപേക്ഷിതമായ ടി വിഷയത്തിൽ ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അപാകതകൾ

പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

ഓഡിറ്റ് എൻക്വയറി നം - 27/2021-22/17.09.2022

### 1-28 ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പരിപാലിയ്ക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൌണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.
ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.
മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 ) നിഷ്കർഷിച്ചിട്ടുള്ളതാണ്.
സർക്കാർ ഉത്തരവ് ജി.ഒ (ആർ.ടി. ) 1699/17/ തസ്വഭവ. തീ 24.05.2017 ൽ ഇതുമായി ബന്ധപ്പെട്ട് എൽ.എസ്. ജി. ഡി വിഭാഗത്തിന്റെ ചുമതല വ്യക്തമാക്കിയിട്ടുണ്ട്.
ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല.

അടിയന്തിര പ്രാധാന്യത്തോടെ ചെയ്യേണ്ട വിവിധ നിർമ്മാണപ്രവർത്തികൾ പ്രസ്തുത സ്ഥലം വ്യക്തികളിൽ നിന്നും എഴുതി വാങ്ങി പഞ്ചായത്തിന്റെ പേരിൽ കൂട്ടി കരം ഒടുക്കി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടതാണ്. ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താനുള്ള തുടർനടപടി സ്വീകരിക്കുന്നതിന് എൽ.എസ്.ജി.ഡി എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയതായുള്ള കമ്മിറ്റി തീരുമാനം ഉണ്ടെങ്കിലും ആയതിൻമേൽ സ്വീകരിച്ച തുടർനടപടി വിശദാംശം ലഭ്യമായില്ല.

ആസ്തി രജിസ്റ്റർ പരിശോധിച്ച് ഉറപ്പാക്കാതെ നടത്തുന്ന പ്രവൃത്തികൾ നിയമ നടപടികളിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ട്. അതിനാൽ ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കാലികമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

### 1-29 പുറമ്പോക്ക് കൈയ്യേറ്റം വ്യാപകം.

ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന പുറമ്പോക്ക് വസ്തുക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന പുറമ്പോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169(5), 218 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറുകയോ, നിഷിപ്തമാക്കുകയോ ചെയ്തിട്ടുള്ള പുറമ്പോക്ക വസ്തുക്കളുടെ അവകാശവും സംരക്ഷണവും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. ഇവ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഉപയോഗിക്കുന്നതിനും കൈയേറ്റക്കാരിൽ നിന്നും സംരക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ജനറൽ മിനിട്ട്സ്

പുസ്തകം പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പുറമ്പോക്ക് ഭൂമി ഉള്ളതായി ബോധ്യപ്പെട്ടു. 26.10.2021 ലെ അജണ്ട 23 തീരുമാനം (1) പ്രകാരം പുറമ്പോക്ക് കൈയ്യേറ്റം വ്യാപകമാണെന്നും സർവേ അധികൃതർ അളന്ന തിട്ടപ്പെടുത്തിയ വസ്തുവിൽ അനധികൃതകൈയ്യേറ്റം ഉള്ളതായും പറയുന്നു. അളന്നുതിട്ടപ്പെടുത്തിയ ഭൂമി സംരക്ഷിക്കേണ്ട ഉത്തരവാദിത്വം പഞ്ചായത്തിൽ നിക്ഷിപ്തമാണ്. മറ്റ് പഞ്ചായത്തുമായി അതിർത്തി പങ്കിടുന്ന വാർഡുകളിലെ പുറമ്പോക്ക് അളന്നു തിട്ടപ്പെടുത്താത്തതിനാൽ സഞ്ചാരയോഗ്യമായ വഴി ഒരുക്കി നല്കാൻ കഴിയാതെ വരുന്ന സാഹചര്യം നിലനിൽക്കുന്നു. കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിലല്ലാതെ ഗ്രാമപഞ്ചായത്ത് നടത്തുന്ന സ്ഥലങ്ങളുടെ കൈമാറ്റം, നിർമ്മാണ പ്രവർത്തനങ്ങൾ, എന്നിവ നിയമ പ്രശ്നങ്ങൾക്കും കോടതി വ്യവഹാരങ്ങൾക്കും ഇടവരുത്തുവാൻ സാധ്യതയുള്ളതിനാൽ പുറമ്പോക്ക് സംബന്ധിച്ച വിവരങ്ങൾ വില്ലേജ് അധികാരികളിൽ നിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. ഇതിനുള്ള നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.

1-30 ഹോമിയോ ഡിസ്പെൻസറിയ്ക്ക് ആവശ്യമായ മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല.

ഗവ. ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന വാങ്ങൽ (പ്രോജക്ട് നം.54/2022 ) ന്റെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് ₹1,50,000/- (ബിൽ നം .01/21-22, 24.12.21) നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ( ഹോമിയോ ) റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും മുൻകൂറായി പിൻവലിച്ച് ഹോംകോ എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. ഈ തുകയുടെ മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കൈപ്പറ്റുന്നവ യഥാസമയം സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

തടസ്സപ്പെടുത്തുന്ന തുക – 1,50,000/-രൂപ
ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.3/15.09.22

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയതിന് ശേഷമുള്ള സ്ഥാപന സന്ദർശന ചെലവ് അംഗീകരിക്കുന്നില്ല.

2021-22 വർഷത്തിലെ വാർഷിക പദ്ധതിയിലുൾപ്പെട്ട ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വയോജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതി (പ്രോജക്ട് നം-12/22) പ്രകാരം കട്ടിൽ വിതരണം ചെയ്ത ഒളിമ്പിയ എന്റർപ്രൈസസ്, തിരുവാർപ്പ്, കോട്ടയം എന്ന സ്ഥാപനത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവർ 16.2.22 (വേ ബിൽ പ്രകാരം) തീയതിയിൽ ഗുണനിലവാരം ഉറപ്പാക്കാൻ സന്ദർശിച്ചതിന് വാഹനവാടകയിനത്തിൽ (KL-23-F-4783, ഇന്നോവകാർ) 2,500/-രൂപ (ചെക്ക് നം-062587/17.2.22) ചെലവഴിച്ചു. ടി സ്ഥാപനം ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കിയ സാംപിൾ കട്ടിൽ 31.1.22-ൽ ചന്ദനത്തോപ്പ് ഗവ. ഐ.ടി.ഐ ടെക്നിക്കൽ എക്സ്പെർട്ട് പരിശോധിച്ച റിപ്പോർട്ടിന്റെയും, 1.2.22 തീയതിയിലെ

പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഒളിമ്പിയ എന്റർപ്രൈസസ്, തിരുവാർപ്പ്, കോട്ടയം എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിച്ച് കട്ടിൽ വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് 1.2.22 തീയതിയിലെ 1(6) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം നിർവ്വഹണോദ്യോഗസ്ഥനെ ചുമതലപ്പെടുത്തി. കട്ടിൽ വാങ്ങാൻ നിർവ്വഹണോദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയതിന് ശേഷം കട്ടിലിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ ഗ്രാമപഞ്ചായത്ത് അംഗങ്ങൾ സ്ഥാപന സന്ദർശനം നടത്തി വാഹനവാടകയിനത്തിൽ തുക ചെലവഴിച്ചതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടെൻഡർ എടുത്ത സ്ഥാപനത്തിന്റെ ശേഷിയും, നിലവാരവും ഉറപ്പ് വരുത്തുന്നതിന് വേണ്ടിയാണ് സ്ഥാപനം സന്ദർശിച്ചതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ടി മറുപടി അംഗീകരിക്കുന്നില്ല. ഗുണനിലവാര പരിശോധന നടത്തിയശേഷം കട്ടിൽ വിതരണം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയതിന് ശേഷമുള്ള ടി യാത്രാ ചെലവിനത്തിൽ നൽകിയ 2,500/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ സെക്രട്ടറിയിൽ ഈടാക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക – 2,500/-രൂപ

ഓഡിറ്റ് എൻക്വയറി നം - 8/16.09.22

3-2 2020-21 വർഷത്തിൽ കെട്ടിടനികുതി 100% പിരിവ് നടന്നതിന് ശേഷവും 3.4.21 തീയതിയിൽ വാഹനം വാടകയ്ക്കെടുക്ക് നികുതി പിരിവ് നടത്തിയ ചെലവ് അംഗീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലും 3.4.21 തീയതിയിൽ ഓട്ടോറിക്ഷ വാടകയ്ക്കെടുത്ത് കെട്ടിടനികുതി പിരിക്കുന്നതിന് വാടകയിനത്തിൽ 3,960/-(56215/3.4.21)രൂപ ചെലവഴിച്ചുവെന്നാണ് സെക്ഷൻ ക്ലാർക്ക് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. എന്നാൽ ആപ്പ എയ്സ് മാജിക്ക് വാഹനത്തിന്റെ (KL-02-AR-7882) 3.4.21 തീയതിയിലെ വേ-ബില്ലാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്.

2020-21 വർഷത്തിൽ കെട്ടിടനികുതി 100% പിരിവ് നടന്നതിന് ശേഷവും 3.4.21 തീയതിയിൽ യാത്രാവാഹനം അല്ലാത്ത ചരക്ക് വാഹനം വാടകയ്ക്കെടുത്ത് നികുതി പിരിവ് നടത്തിയതിന്, രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വേ-ബില്ലിൽ തീയതി തെറ്റായി രേഖപ്പെടുത്തിയെന്നും, 2021-22 സാമ്പത്തിക വർഷം 100% നികുതിപിരിവ് നടന്നിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. 2021-22 സാമ്പത്തിക വർഷം 100% നികുതിപിരിവ് നടത്തുന്നതിന് 3.4.21 തീയതിയിൽ ചരക്ക് വാഹനം വാടകയ്ക്കെടുത്ത് നികുതി പിരിവ് നടത്തിയതെന്ന മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ നികുതിപിരിവിനായി യാത്രാവാഹനത്തിന് പകരം ചരക്ക് വാഹനത്തിന്റെ വേ-ബിൽ ഹാജരാക്കിയതിന്റെ വാഹനവാടകയിനത്തിൽ നൽകിയ 3,960/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ സെക്രട്ടറിയിൽ ഈടാക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക – 3,960/-രൂപ

ഓഡിറ്റ് എൻക്വയറി നം-10/16.09.22

3-3 തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് പോളിംഗ് ബൂത്ത് വൃത്തിയാക്കൽ - ചെയ്യാത്ത പ്രവൃത്തിക്ക് വേതനം നൽകിയ 2,400/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് - 2020-മായി ബന്ധപ്പെട്ട് എസ്.ആർ.വി.യു.പി.എസ്, ലയൺസ് ക്ലബ്ബ്, ഓച്ചിറ ഗവ.എച്ച്.എസ്. എന്നിവിടങ്ങളിൽ പുല്ല് ബ്രഷ് കട്ടർ ഉപയോഗിച്ച് വൃത്തിയാക്കിയതിന് കൂലിയിനത്തിൽ 2,400/-രൂപ (ചെക്ക് നം.58385/1.7.21) നൽകി. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ മസ്റ്റർറോളിൽ പ്രവൃത്തി ചെയ്ത ദിനം 1.6.21 തീയതിയെന്നാണ്

രേഖപ്പെടുത്തിയിരിക്കുന്നത്. തീയതിയിലെ പിശക് ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മസ്റ്റർ റോളിലെ പിശക് സെക്ഷന്റെയോ, സെക്രട്ടറിയുടെയോ ശ്രദ്ധയിൽപ്പെട്ടില്ലെന്ന മറുപടിയാണ് ലഭ്യമാക്കിയത്. 2020 ലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വൃത്തിയാക്കലുകൾ 2021 ലെ മസ്റ്റർ റോൾ പ്രകാരം നടപ്പാക്കിയതായ രേഖകൾ ഹാജരാക്കിയതിനാൽ 2,400/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക തെറ്റായ മസ്റ്റർ റോൾ ഹാജരാക്കി തുക ചെലവഴിച്ച സെക്രട്ടറിയിൽ നിന്ന് ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

നിരാകരിക്കുന്ന തുക - 2,400/-രൂപ

ഓഡിറ്റ് എൻക്വയറി നം – 17/16.09.22

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 12.09.22 മുതൽ 14.09.22 വരെ | കെ.എസ്.എ.കെ.എൽ.എം.പി.8/1833/22 തീയതി – 24.12.2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 34,000/- | സമഗ്ര നെൽകൃഷി വികസനം | 34,000/- | 0 |
| " | " | 9,76,600/- | ലൈഫ് ഭവന പദ്ധതി എസ്.സി.പി. | 9,76,600/- | 0 |
| " | " | 88,400/- | ലൈഫ് ഭവന പദ്ധതി - ഭൂമി വാങ്ങൽ ജനറൽ | 88,400/- | |
| " | " | 1,00,000/- | അനുപൂരകപോഷകാഹാര വിതരണ പരിപാടി | 1,00,000/- | 0 |
| " | " | 1,75,401/- | ക്ഷീര കർഷകർക്ക് പാലളവിന് ഇൻസെന്റീവ് | 1,75,401/- | |
| " | " | 96,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 96,000/- | |
| ബ്ലോക്ക്പഞ്ചായത്ത് | " | 34,000/- | സമഗ്ര നെൽകൃഷി വികസനം | 34,000/- | |
| " | " | 3,00,000/- | അനുപൂരകപോഷകാഹാര വിതരണ പരിപാടി | 3,00,000/- | |
| " | " | 21,00,000/- | ലൈഫ് ഭവന പദ്ധതി ജനറൽ | 21,00,000/- | |
| " | " | 7,00,000/- | ലൈഫ് ഭവന പദ്ധതി - | 7,00,000/- | |

| | | | | | |
|---|---|---|---|---|---|
| | | | ഭൂമി വാങ്ങൽ ജനറൽ | | |
| “ | “ | 3,80,000/- | ലൈഫ് പാർപ്പിട പദ്ധതി (എസ്.സി.പി.) | 3,80,000/- | |
| “ | “ | 19,76,528/- | ലൈഫ് പാർപ്പിട പദ്ധതി (എസ്.സി.പി.) | 19,76,528/- | |
| “ | “ | 2,40,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,40,000/- | |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| Pwd Electrical Section, Allapuzha | സി.എച്ച്.സി. സബ് സെന്റർ റീ – വയറിംഗ് | 32/23.3.22 | 1,37,000/- | 1,37,000/- | 0 |
| KWA | അംഗൻവാടി കുടിവെള്ള കണക്ഷൻ | 5/24.6.21 | 1,51,000/- | 1,51,000/- | 0 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹17,20,000/-വരവുണ്ട്. മുൻബാക്കി ₹22,00,000/-യടക്കം ₹39,20,000/- യിൽ ₹28,20,602/- തൻവർഷം വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | കെയുആർഡിഎഫ്സി ലോൺ | 17,20,000/- | 2,00,65,485/- | 23,76,000/- | - | 1,94,09,485/- |

### 4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-2003 | 3-1 | 2006-2007 | 3-12-1 | എഫ്.റ്റി.എസ്. സൂപ്പർ ആനുവേഷന് ശേഷം സർവീസിൽ തുടർന്നു. | പരാമർശം നിലനിൽക്കുന്നു. |

4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 2,500/- | ശ്രീ.ജി.രാധാകൃഷ്ണൻ, സെക്രട്ടറി |
| 3-2 | | 3,960/- | ശ്രീ.ദിലിപ്, സെക്രട്ടറി |
| 3-3 | | 2,400/- | ശ്രീ.ദിലിപ്, സെക്രട്ടറി |
| ആകെ | | 8,860/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 38,778/- | ശ്രീമതി മഞ്ജു, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| 1-17 (1) | 1,80,800/- | ശ്രീമതി ശീതൾ ശിവൻകുട്ടി, കൃഷി ഓഫീസർ, ഓച്ചിറ |
| 1-17 (2) | 12,75,000/- | ശ്രീമതി ശീതൾ ശിവൻകുട്ടി, കൃഷി ഓഫീസർ, ഓച്ചിറ |
| 1-19 | 29,010/- | ശ്രീ. ദിലീപ്, സെക്രട്ടറി ഡോ |
| 1-20 | 64,321/- | ഡോ.സുനിൽകുമാർ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 1-21 | 11,325/- | ശ്രീ. ജി. രാധാകൃഷ്ണൻ, സെക്രട്ടറി |
| 1-23 | 40,036/- | ശ്രീ. ജി. രാധാകൃഷ്ണൻ, സെക്രട്ടറി |

| | | |
|---|---|---|
| 1-24 | 1,51,000/- | ശ്രീ. ദിലീപ്, സെക്രട്ടറി |
| 1-24 | 9,90,779/- | ശ്രീ. ജി. രാധാകൃഷ്ണൻ, സെക്രട്ടറി |
| 1-25 | 1,11,745/- | ശ്രീ. അഷ്ഹർ സലാം, എം.ജി.എൻ.ആർ.ഇ.ജി.എസ്. അക്രഡിറ്റഡ് എഞ്ചിനീയർ |
| 1-30 | 1,50,000/- | ഡോ.സുബിമോൾ കെ.ബി, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| ആകെ | 30,42,794/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ശീതൾ ശിവൻകുട്ടി, കൃഷി ഓഫീസർ | കൃഷി ഓഫീസർ, ഓച്ചിറ | ഈച്ചമ്പറമ്പിൽ, കാവിൽ, കൊല്ലം |
| ശ്രീമതി മഞ്ജു സബ് ഇൻസ്പെക്ടർ, ഓഫ് ഫിഷറീസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്, ഓച്ചിറ | കേദാരം, മരു. തെക്ക്, ആലുംകടവ് പി.ഒ. കരുനാഗപ്പള്ളി |
| ശ്രീ. ജി. രാധാകൃഷ്ണൻ, സെക്രട്ടറി | സെക്രട്ടറി, ഓച്ചിറ ഗ്രാമപഞ്ചായത്ത് | പ്രായിക്കാട്ടുശ്ശേരിയിൽ, പ്രയാർ സൗത്ത്, ആലുംപീടിക പി. ഒ, ഓച്ചിറ |
| ശ്രീ. ദിലീപ്, സെക്രട്ടറി | സെക്രട്ടറി, തേവലക്കര ഗ്രാമപഞ്ചായത്ത് | കാർത്തികമന്ദിരം, മാലിഭാഗം, ചവറ സൗത്ത് പി. ഒ, കൊല്ലം |
| ശ്രീ. അഷ്ഹർ സലാം, എം.ജി.എൻ.ആർ.ഇ.ജി.എസ്. അക്രഡിറ്റഡ് എഞ്ചിനീയർ | എം.ജി.എൻ.ആർ.ഇ.ജി.എസ്. അക്രഡിറ്റഡ് എഞ്ചിനീയർ, ഓച്ചിറ ഗ്രാമപഞ്ചായത്ത് | ഫിർദൗസ്, ചങ്ങൻ കുളങ്ങര, ഓച്ചിറ |
| ഡോ. സുനിൽകുമാർ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | അർപ്പിതം, പട നോർത്ത്, കരുനാഗപ്പള്ളി |
| ഡോ. സുബിമോൾ കെ.ബി, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | കുത്തപ്പള്ളി ഹൗസ്, പള്ളിഫോർട്ട് പി. ഒ, പള്ളിപ്പുറം, എറണാകുളം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 7 |
| 1996-97 & 1998-99 | കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 1 |
| 2001-2002 | കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 1 |
| 2002-2003 | കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 2 |
| 2003-2004 | കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 1 |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 4 |
| 2005-2006 | കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 1 |
| 2007-2008 | കെ.എസ്.എ.കെ.എൽ.എം.പി 8/722(1)/19 തീയതി. 29/05/2019 | 1 |
| 2008-2009 | കെ.എസ്.എ.കെ.എൽ.എം.പി 8/722(2)/19 തീയതി.29/05/2019 | 3 |
| 2009-2010 | കെ.എസ്.എ.കെ.എൽ.എം.പി 8/722(3)/19 തീയതി.29/05/2019 | 3 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം-പി8/അദാലത്ത് 2015-16/200/22; 22.08.22 | 3 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം-8/1976/17;25.4.2018 | 11 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം-പി8/1894/18;14/3/19-28/3/19 | 24 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി8/1034/19/22/05/20 | 10 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം-പി8/1277/21, 12-11-21 / 19-01-22 | 12 |
| 2020-21 | കെ.എസ്.എ.കെ.എൽ.എം-പി8/8/1276/ 21, 19/03/2022 | 23 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്